LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**2004 ജൂൺ 29, ചൊവ്വ**

**വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3**

നിയമസഭ 2004 ജൂൺ മാസം 29-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ ചോദ്യം നമ്പർ 31

#### ആദിവാസികൾക്ക് നൽകിയ ഭൂമി

1 [31] ശ്രീ. എൻ. ശക്തൻ:
" പ്രയാർ ഗോപാലകൃഷ്ണൻ:
" പി. ടി. തോമസ്:
" ലൂഡി ലൂയിസ്:
" ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റിന്റെ കാലത്ത് ആദിവാസികൾക്ക് എവിടെയെല്ലാം ഭൂമി നൽകി; പ്രസ്തുത ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ എന്ന് വ്യക്തമാക്കാമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ): ഈ ഗവൺമെന്റിന്റെ കാലത്ത് ഇതുവരെയായി 2245 ആദിവാസി കുടുംബങ്ങൾക്ക് 3210.38 ഏക്കർ ഭൂമി വിതരണം ചെയ്തു. എവിടെയൊക്കെ ഭൂമി നൽകി എന്നുള്ളതിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.† ആദിവാസികൾക്ക് നൽകിയ ഭൂമി അന്യാധീനപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇടുക്കി ജില്ലയിൽ ഭൂമി പതിച്ചുനൽകിയ 17 ആദിവാസി കുടുംബങ്ങൾ അവരുടെ അഞ്ച് ഏക്കർ നാൽപ്പത്തിയഞ്ചു സെന്റ് ഭൂമി പാട്ടത്തിന് നൽകിയിരുന്നു. ടി ഭൂമി ഒഴിപ്പിച്ച് ആദിവാസികൾക്ക് തിരികെ നൽകിയിട്ടുണ്ട്.

ശ്രീ. എൻ. ശക്തൻ: ആദിവാസികൾക്ക് നൽകുന്നതിനുവേണ്ടി കേന്ദ്ര ഗവണ്മെന്റിൽനിന്നും എത്ര ഏക്കർ ഭൂമി കിട്ടിയിട്ടുണ്ടെന്നും ആ ഭൂമി ഓരോ കുടുംബത്തിനും എത്ര ഏക്കർ വീതം ഇപ്പോൾ നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

ഡോ. എം. എ. കുട്ടപ്പൻ: കേന്ദ്ര ഗവണ്മെന്റ് 7693.2257 ഹെക്ടർ നിക്ഷിപ്ത വനഭൂമിയാണ് ആദിവാസികൾക്ക് കൊടുക്കാൻവേണ്ടി അനുവദിച്ചത്. ഈ ഉത്തരവ് വന്നത് 2003 ആഗസ്റ്റ് 21-നാണ്. 2004 ഫെബ്രുവരി ആറാം തീയതിയിലെ മറ്റൊരു ഉത്തരവിൽ നേരത്തെ പറഞ്ഞ compensatory afforestation-നു പുറമേ ഒരു ഹെക്ടറിന് അഞ്ചു ലക്ഷം രൂപ മുതൽ ഒൻപതു ലക്ഷം രൂപ വരെ കൊടുക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി പ്രകാരമാണ് ഇപ്രകാരം ഭൂമിക്ക് വില കൊടുക്കണമെന്ന് പറഞ്ഞത്. 500-600 കോടി രൂപ കൊടുക്കണമെന്ന് പറഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന് അത് അസാദ്ധ്യമാണ്. അതുകൊണ്ട് നിയമപരമായി compensatory afforestation-നു പുറമേ ഈ തുക വേണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിക്കാൻ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പ്രത്യേക അനുമതിക്കായി ഹർജി ഫയൽ ചെയ്യുകയുണ്ടായി. ഹർജി അനുവദിച്ചതിനുശേഷമേ ലഭിച്ച ഭൂമി വിതരണം ചെയ്യാനാകൂ.

ശ്രീ. എൻ. ശക്തൻ: വനഭൂമിയിൽ പാർക്കുന്ന ആദിവാസികൾക്ക് അവരുടെ കൈവശ ഭൂമിക്ക് record of right നൽകാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഭൂമി; എത്ര പേർക്ക് ഇപ്പോൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: കേരളത്തിലെ വനാന്തരങ്ങളിൽ ഏതാണ്ട് 721 സങ്കേതങ്ങളിലായി 19,555 ആദിവാസി കുടുംബങ്ങൾ പാർക്കുന്നുണ്ടെന്നാണ് കണക്ക്. ഈ കുടുംബങ്ങൾക്ക് അവരുടെ കൈവശമുള്ള ഭൂമിക്ക് കൈവശരേഖ കൊടുക്കാനുള്ള ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. നേരത്തെയുള്ള ഉത്തരവ് പ്രകാരം ഇത് പരിശോധിക്കേണ്ടത് റവന്യൂ വകുപ്പിലേയും വനം വകുപ്പിലേയും ഉദ്യോഗസ്ഥൻമാർ സംയുക്തമായാണ്. എന്നാൽ ഇത് ഫലപ്രദമാകാതെ വന്നപ്പോൾ റവന്യൂ വകുപ്പിലേയും വനം വകുപ്പിലേയും ഉദ്യോഗസ്ഥൻമാർക്കു പുറമേ ട്രൈബൽ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരേയും ചേർത്തുകൊണ്ട് എല്ലാ ജില്ലകളിലും

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

സംയുക്തമായി പരിശോധനാ കമ്മിറ്റികളുണ്ടാക്കി. അവരുടെ ശ്രമഫലമായി 19,555 കുടുംബങ്ങൾക്ക് 2004 മാർച്ചുമാസം വരെ 11,326.77 ഏക്കർ ഭൂമിയുടെ കൈവശരേഖ കൊടുത്തു എന്ന് സഭയെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: കിടപ്പാടവും കൃഷിക്ക് സ്വന്തമായി ഭൂമിയും ഇല്ലാത്തതാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നമെന്നാണ് ഏറ്റവും അവസാനമായി ഇറങ്ങിയ National Sample Survey Organisation-ന്റെ 469-ാമത് റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ആ റിപ്പോർട്ടു പ്രകാരം അര ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളത് 2.5 ശതമാനം ആളുകൾക്ക് മാത്രമാണ്. കൈവശമുള്ള ഭൂമിക്ക് കൈവശരേഖയുള്ളവർ കേവലം 2.7 ശതമാനം മാത്രമാണ്. ഇവിടെ ഭരണം മാറിമാറി വന്നു എങ്കിലും അടിസ്ഥാനപരമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്ന ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കാൻ നിയമപരമായും സാമൂഹ്യ പരമായും ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ., എം. എ. കുട്ടപ്പൻ: ആദിവാസികൾക്ക് കൊടുക്കുന്ന ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാൻ 1960-ലെ Land Assignment Act-ന്റെ അടിസ്ഥാനത്തിൽ അന്യാധീനപ്പെട്ടു പോകുന്ന ഭൂമിയുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനുള്ള ചട്ടങ്ങൾ 2001 ഡിസംബർ 11-ന് ഇറക്കിയിട്ടുണ്ട്. ഏതെങ്കിലും ഭൂമി അന്യാധീനപ്പെട്ടുപോയാൽ അന്യാധീനപ്പെട്ട ഭൂമിയുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്ത് തിരിച്ചെടുക്കാനുള്ള ചട്ടം ഇപ്പോൾത്തന്നെ നിലവിലുണ്ട്. Cancellation of Registry - The Registry shall be liable to be cancelled for contravention of the provisions of these rules. അതായത് ഈ നിയമം പറയുന്നത്, Government land granted on registry shall be heritable, but not alienable. ആദിവാസികളുടെ ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ല. അത് കുടുംബക്കാർക്കേ കൊടുക്കാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് കൈമാറ്റം ചെയ്താൽ തിരിച്ചെടുക്കും. പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു നിയമം ഇപ്പോൾ നിലവിലില്ല.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ആറളം ഫാം ഏറ്റെടുക്കുന്നതിനുള്ള തീരുമാനം ഉണ്ടായതായി മനസ്സിലാക്കുന്നു. എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നത്; അതിന്റെ വ്യവസ്ഥ എന്തെല്ലാമാണ്; അത് എപ്പോൾ വിതരണം നടത്തും; എത്ര ആദിവാസികൾക്ക് അതിന്റെ ഗുണഫലമുണ്ടാകും?

ഡോ. എം. എ. കുട്ടപ്പൻ: ആറളം ഫാം 21-6-2004-ന് ഏറ്റെടുക്കുകയുണ്ടായി. ഇതിന്റെ മൊത്തം വിസ്തൃതി 3,060 ഹെക്ടറാണ്. അതിന്റെ പകുതി ഭൂമി, ഏതാണ്ട് 3,774 ഏക്കർ ഭൂമി കണ്ണൂർ ജില്ലയിലേയും വയനാട് ജില്ലയിലേയും ആദിവാസികൾക്ക് കൊടുക്കാൻ കഴിയും. ഇതിന്റെ മൊത്തം വില 42.09 കോടി രൂപയാണ്. അതിൽ 15 കോടി രൂപ കഴിഞ്ഞ 21-ാം തീയതി കേന്ദ്ര ഗവൺമെന്റിന് കൈമാറിയിട്ടുണ്ട്. രണ്ടാം ഗഡുവായ 17.09 കോടി രൂപ ഓഗസ്റ്റ് 31-ാം തീയതിയും ബാക്കിയുള്ള 10 കോടി രൂപ ഡിസംബർ 31-ാം തീയതിയും കേന്ദ്ര ഗവൺമെന്റിന് നൽകുന്നതാണ്. മൊത്തമുള്ള ഭൂമിയുടെ പകുതി ഭൂമി ആദിവാസികൾക്ക് നൽകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുവേണ്ട നടപടികൾ,ഉടൻ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: കേരള സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്ത ആദിവാസികൾ ഇനി അവശേഷിക്കുന്നുണ്ടോ; ഒരു ഏക്കറിൽ താഴെ ഭൂമി സ്വന്തമായിട്ടുള്ള ആദിവാസികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; അങ്ങനെയുള്ള ആളുകൾക്ക് ഭൂമി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: കേരള സംസ്ഥാനത്ത് ഒരു സെന്റുപോലും ഭൂമിയില്ലാത്ത 22052 കുടുംബങ്ങളുണ്ട് എന്നാണ് ഏകദേശ കണക്ക്. അതേസമയം ഒരു ഏക്കറിന് താഴെ അഞ്ചു സെന്റിന് മുകളിൽ ഭൂമിയുള്ള കുടുംബങ്ങളുടെ എണ്ണം 32,131 വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്പോഴത്തെ കണക്കുപ്രകാരം മുവ്വായിരത്തിൽ ചിലാനം ഏക്കർ ഭൂമി കൊടുത്തു കഴിഞ്ഞിരിക്കുന്നു. ആറളത്ത് 3,700 ഏക്കർ ഭൂമി വരും. കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ വച്ച ഇളവ് തരികയാണെങ്കിൽ 19,002 ഏക്കർ നിക്ഷിപ്ത വനഭൂമി ലഭ്യമാകും. ആലക്കോട്ടുനിന്നും 800 ഏക്കർ ഭൂമി ലഭിക്കും. അങ്ങനെ ഭൂരഹിതരായ ആദിവാസികളെ സംബന്ധിച്ചിടത്തോളം അവരുടെ ഭൂമിപ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്. നേരെമറിച്ച് ഒരേക്കറിന് താഴെ അഞ്ചു സെന്റിന് മുകളിൽ ഭൂമിയുള്ളവർക്ക് ഭൂമി കൊടുക്കാൻ എത്ര ഏക്കർ വേണമെന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഭൂരഹിതരായ ആദിവാസികളുടെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് തന്നെയാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: ആദിവാസികളുടെ ഭൂമിക്ക് പട്ടയം കൊടുക്കാത്തതുമൂലം ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഗവണ്മെന്റ് പറയുന്നത് ഭൂമി അന്യാധീനപ്പെട്ടുപോകുമെന്നാണ്. ആ വാദഗതി അംഗീകരിച്ചുകൊണ്ടുതന്നെ ചോദിക്കുന്നു. എന്റെ നിയോജകമണ്ഡലമായ തൊടുപുഴയിലെ വെള്ളിയാമറ്റം, വണ്ണപ്പുറം, ഉടുമ്പന്നൂർ, മുട്ടം പഞ്ചായത്തിന്റെ പകുതി എന്നിവിടങ്ങളിൽ 50 ശതമാനത്തോളം ആദിവാസികളാണ്. ഈ പ്രദേശങ്ങളിലെ ആദിവാസികൾക്ക് പട്ടയം കിട്ടുന്നില്ല. തൊട്ടടുത്ത് സ്ഥലം വാങ്ങിയിരിക്കുന്ന കുടിയേറ്റക്കാർക്ക് പട്ടയമുണ്ട്. ഇതിനെത്തുടർന്ന് ബാങ്കിലൊക്കെ പോകുമ്പോൾ ഇവർ വിഷമം അനുഭവിക്കുകയാണ്. ഇതിന് പരിഹാരം കാണാൻ എന്ത് നടപടി സ്വീകരിക്കും? ഉദാഹരണത്തിന് കൈവശരേഖയുമായി ബാങ്കിൽ ചെന്നാൽ പൈസ കൊടുക്കില്ല. പട്ടയം വേണമെന്ന് പറയും. ഇതൊരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. തൊട്ടടുത്തുള്ള കുടിയേറ്റക്കാർക്ക് പട്ടയമുണ്ട്. ഈ അവസ്ഥ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ആദിവാസികൾ കാടിനുള്ളിൽ പാർക്കുന്നവരുമുണ്ട്, കാടിന് പുറത്തുള്ളവരുമുണ്ട്. കാടിന് പുറത്തുള്ളവർക്ക് പട്ടയ ഭൂമിയാണ് കൊടുക്കുന്നത്. കാടിനകത്ത് താമസിക്കുന്നവർക്ക് ഇന്നത്തെ നിലയിൽ പട്ടയം കൊടുക്കാൻ നിയമം അനുവദിക്കുന്നില്ല. കൈവശരേഖ നൽകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് നിയമപ്രകാരം അവർക്ക് റിക്കാർഡ് ഓഫ് റൈറ്റ് മാത്രമേ കൊടുക്കാൻ പാടുള്ളൂ. ഇന്നത്തെ നിലയിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ എൻക്രോച്ചേഴ്സിന് എങ്ങനെ പട്ടയം കിട്ടിയെന്ന് ചോദിച്ചാൽ എനിക്ക് പ്രത്യേകിച്ച് പറയാൻ കഴിയുന്നില്ല. ട്രൈബൽസാകട്ടെ, നോൺ ട്രൈബൽസാകട്ടെ, എൻക്രോച്ച്മെന്റ് ആണെന്നുണ്ടെങ്കിൽ പട്ടയം കൊടുക്കാൻ പാടില്ല. നേരെമറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

വനത്തിനുള്ളിൽ എൻക്രോച്ച് ചെയ്ത് പാർക്കുന്ന ആദിവാസികളാണെങ്കിൽപോലും അവർക്ക് കൈവശരേഖ കൊടുക്കാൻ പാടില്ലെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരമാണ് ചെയ്യുന്നത്.

ശ്രീ. ലൂഡി ലൂയിസ്: ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള വനഭൂമി കേന്ദ്രത്തിൽനിന്ന് വിട്ടുകിട്ടുവാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ തടസ്സങ്ങളും, കാലതാമസവും ഒഴിവാക്കി എത്രയും പെട്ടെന്ന് വിതരണം നടത്തുവാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്?

ഡോ. എം. എ. കുട്ടപ്പൻ: 2003 ആഗസ്റ്റ് മാസം 21-ാം തീയതിയാണ് 7,693.22 ഹെക്ടർ അനുവദിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റിനെ കേന്ദ്രം വിവരം അറിയിച്ചത്. അതോടൊപ്പം തന്നെ compensatory afforestation-ന്റെ ഭാഗമായി കുറേ വ്യവസ്ഥകൾ വച്ചിരുന്നു. ഉദാഹരണമായി, 11,000 ഹെക്ടർ ecologically fragile land ഏറ്റെടുത്ത് വനത്തിന്റെ ഭാഗമാക്കണം. ആലക്കോട് എസ്റ്റേറ്റിൽ 70 ഹെക്ടർ ഭൂമി വനത്തിന് കൊടുക്കണം. അത് നമ്മൾ പാലിച്ചു. കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ mangroves, വനത്തിന്റെ ഭാഗമാക്കാൻ പറഞ്ഞിരുന്നു. അതിനായി സംസ്ഥാന സർക്കാർ ഉത്തരവിറക്കി. അങ്ങനെ കേന്ദ്രം പറഞ്ഞ പല കാര്യങ്ങളും നമ്മൾ ഇതിനകം നടത്തിക്കഴിഞ്ഞു. അതുപോലെ the project shall be implemented by Kerala Forest Department. അതിനുവേണ്ടി ഒരു റീഹാബിലിറ്റേഷൻ കമ്മീഷണറെ നിയമിച്ചു. എങ്കിലും അതിനുശേഷം വെള്ളിടി പോലെ കഴിഞ്ഞ ഫെബ്രുവരി മാസം കേന്ദ്ര ഗവൺമെന്റ് പറഞ്ഞ പ്രകാരം ഓരോ ഹെക്ടർ ഭൂമിക്ക് അതിന്റെ ക്വാളിറ്റിയനുസരിച്ച് 5 ലക്ഷം രൂപ മുതൽ 9 ലക്ഷം രൂപ വരെ കൊടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സ്വന്തം അഭിപ്രായമല്ല, സുപ്രീംകോടതി വിധി ചൂണ്ടിക്കാണിച്ചാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതിൽ ഇളവ് കിട്ടാൻ വേണ്ടിയുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സുപ്രീംകോടതി ഇപ്പോൾ അവധിയിലാണ്. അവധി കഴിയുന്ന മുറയ്ക്ക് ഗൗരവമായിട്ട് തന്നെ, സീനിയർ വക്കീലിനെ വച്ച്, ഇളവ് കിട്ടാൻ ശ്രമിക്കുന്നതാണ്.

ശ്രീ. ലൂഡി ലൂയിസ്: സർ, വയനാട് ജില്ലയിലെ സുഗന്ധഗിരി കാർഡമം പ്രോജക്ടിൽ എത്ര ഏക്കർ ഭൂമിയാണ് ആദിവാസികൾക്ക് വിതരണം നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഡോ. എം. എ. കുട്ടപ്പൻ: വയനാട് ജില്ലയിലെ സുഗന്ധഗിരി കാർഡമം പ്രോജക്ടിൽ 1,500 ഹെക്ടറാണുള്ളത്. എന്നാൽ കേന്ദ്രം നിർദ്ദേശിച്ച പ്രകാരം നിബിഡവനമുള്ള പ്രദേശം, അതായത് 461 ഏക്കർ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് കൈമാറി. ബാക്കിയുള്ള ഭൂമിയാണ് വിതരണം ചെയ്യുന്നത്. നേരത്തേ ചില പ്രശ്നങ്ങളൊക്കെയുണ്ടായിരുന്നു. നേരത്തേ വിതരണം ചെയ്യാൻവേണ്ടി സർക്കാർ നിർദ്ദേശം കൊടുത്തുവെങ്കിൽപ്പോലും മൂന്ന് പേർക്ക് മാത്രമേ പട്ടയം കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. അപ്പോഴേയ്ക്കും ഒരു വിഭാഗം ആദിവാസികൾ പ്രശ്നമുണ്ടാക്കി. അന്ന് അത് നടത്താൻ സാധിച്ചില്ല. അവർ യൂണിറ്റ്വൈസായി ഭൂമി വിതരണം നടത്തണമെന്നാവശ്യപ്പെട്ടു. അങ്ങനെ സർക്കാർ നിർദ്ദേശം കൊടുക്കുകയും ചെയ്തു. കുറിച്ചിയർ, പണിയർ, അടിയർ എന്നിവർക്ക് പ്രത്യേകം പ്രത്യേകം മേഖലകളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിവേണമെന്നാവശ്യപ്പെട്ടു. അങ്ങനെ സർക്കാർ ഉത്തരവും കൊടുത്തു. അങ്ങനെ കൊടുത്തപ്പോൾ ചില ഉദ്യോഗസ്ഥൻമാരെ കയ്യേറ്റം ചെയ്ത സംഭവം വരെയുണ്ടായി. ആ ഒരു സാഹചര്യത്തിൽ കേരള ഹൈക്കോടതിയിൽ ഒരാൾ കേസ് കൊടുത്തു. കോടതി വിധിപ്രകാരം അവിടെ landless ആയിട്ടുള്ള ആദിവാസികൾക്ക് മാത്രം ഭൂമി കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ സുഗന്ധഗിരി ഭൂമിയുടെ നറുക്കെടുപ്പ് ഇന്ന് നടക്കുകയാണ്. അതാണ് ഇപ്പോഴത്തെ പൊസിഷൻ.

ശ്രീ. ടി. എൻ. പ്രതാപൻ: മുൻ ഗവൺമെന്റിന്റെ കാലത്ത് ആദിവാസികൾക്ക് ഭൂമി നൽകുവാൻ വേണ്ടി വല്ല നിയമവും പാസ്സാക്കിയിരുന്നോ; അപ്രകാരം ആർക്കെങ്കിലും ഭൂമി നൽകിയിട്ടുണ്ടോ? അങ്ങനെ ഭൂമി നൽകിയിട്ടുണ്ടെങ്കിൽ ഇപ്പോൾ എത്ര ആദിവാസികൾ അവിടെ താമസിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 1999-ൽ ഒരു നിയമം പാസ്സാക്കിയിരുന്നു. 1975-ലെ അന്യാധീനപ്പെട്ട ഭൂമി മടക്കി കൊടുക്കാനുള്ള നിയമം റിപ്പീൽ ചെയ്തുകൊണ്ടാണ് 1999-ലെ നിയമം പാസ്സാക്കിയത്. ആ നിയമത്തിലെ പത്താം വകുപ്പ് പ്രകാരം എല്ലാ ഭൂരഹിത ആദിവാസികൾക്കും, ഈ നിയമം ഗസറ്റിൽ വിജ്ഞാപനം ചെയ്തുകഴിഞ്ഞാൽ, അവരവർ പാർക്കുന്ന ജില്ലയിൽ തന്നെ പരമാവധി ഒരു ഏക്കർ ഭൂമി കൊടുക്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആ നിയമം ഗസറ്റ് വിജ്ഞാപനം ചെയ്തത് 1999 മാർച്ച് മാസം 9-ാം തീയതിയായിരുന്നു. അതിന്റെ അർത്ഥം 2001 മാർച്ച് 9 ആകുമ്പോൾ കേരളത്തിൽ ഭൂരഹിത ആദിവാസിയായി ഒരാൾ പോലും ഉണ്ടാകാൻ പാടില്ല എന്നായിരുന്നു. പക്ഷേ ആ നിയമം നടപ്പിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും പറയട്ടെ, പാലക്കാട് ജില്ലയിൽ അഗളി പ്രദേശത്ത് ഭൂമി കൊടുക്കുകയുണ്ടായി. കൊടുത്തെങ്കിലും ഒരാൾക്ക് പോലും താമസിക്കാൻ കഴിഞ്ഞില്ല. കാരണം അതൊക്കെ കേരളത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തിയിലുള്ള extruded tract ആയിരുന്നു. കൊടുക്കാൻ പറ്റില്ല. പട്ടയം കൊടുത്തുവെന്ന് മാത്രമേയുള്ളു. അതുപോലെ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിലെ പടിയൂർ, പന്നിയൂർ വില്ലേജുകളിൽ 29 ഏക്കർ കൊടുത്തിരുന്നു. അത് പാറക്കെട്ടായിരുന്നതുകൊണ്ട് ഒരു ആദിവാസിയും പാർക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, പാലക്കാടും കണ്ണൂരും ഭൂമി കൊടുത്തു. എങ്കിൽപ്പോലും ഒരൊറ്റ ആദിവാസിക്ക് പോലും അവിടെ താമസിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. ടി. എൻ. പ്രതാപൻ: നമ്മുടെ നാട്ടിലെ ആദിവാസികൾക്ക് വേണ്ടി മുതലക്കണ്ണീരൊഴുക്കാൻ ഒരുപാട് ആളുകളുണ്ടായിരുന്നു. ആദിവാസികൾക്ക് വേണ്ടി ക്രിയാത്മകരായ നടപടി സ്വീകരിക്കുകയും അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്ത കേരള ഗവൺമെന്റിനെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലും ഭൂരഹിതരായ ആദിവാസികൾ അങ്ങേയറ്റം ദുരിതമനുഭവിക്കുകയാണ്. ആ പശ്ചാത്തലത്തിൽ കേരള ഗവൺമെന്റ് നടപ്പിലാക്കിയ ഈ പദ്ധതിയെക്കുറിച്ച് ഇൻഡ്യാ ഗവൺമെന്റിന്റെ നിഗമനം ഈ ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ: ഇന്ന് ഇൻഡ്യാ രാജ്യത്ത് ആദിവാസി ഭൂമി പ്രശ്നം വളരെ സജീവമായിട്ട് ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളും ആദിവാസികൾക്കുള്ള ഭൂമിയ്ക്കുവേണ്ടി മുറവിളി കൂട്ടുകയും സമരം നടത്തുകയും ചെയ്യുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യാ ഗവൺമെന്റ് ഇതൊരു വളരെ പ്രധാനപ്പെട്ട വിഷയമായിട്ട് എടുത്തിരിക്കുകയാണ്. യു.പി.എ. ഗവൺമെന്റിന്റെ സി.എം.പി.യിൽ പോലും ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. കേരള ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആദിവാസി പുനരധിവാസ പരിപാടി ഏറ്റവും മാതൃകാപരമാണെന്നും മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്ക് ഇത് പിൻതുടരാമെന്നും കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാനങ്ങളെയും അറിയിച്ചിരിക്കുകയാണ്. 2004 ഫെബ്രുവരി മാസം അഞ്ചാം തീയതി കേന്ദ്ര ഗവൺമെന്റ് എല്ലാ സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കും കത്തയച്ചിട്ടുണ്ട്. ആ കത്തിലെ ഒരു വാചകം ഞാൻ വായിക്കട്ടെ, "The model adopted by the Kerala Government for rehabilitation of the tribals is a case in point and the State Governments may follow this pattern" കേരള ഗവൺമെന്റിന്റെ ആദിവാസി പുനരധിവാസ പരിപാടി ഏറ്റവും നല്ലതാണെന്നും മറ്റ് സംസ്ഥാനങ്ങൾ ഇത് പിൻതുടരണമെന്നും കേന്ദ്ര ഗവൺമെന്റ് എല്ലാ ചീഫ് സെക്രട്ടറിമാർക്കും കത്തയച്ചിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആദിവാസികളുടെ കൈവശമുണ്ടായിരുന്ന ഭൂമി അന്യാധീനപ്പെട്ട് പോയതിനെ തുടർന്നാണ് നമ്മുടെ സംസ്ഥാനത്ത് വിവിധ ഘട്ടങ്ങളിലായി ആദിവാസികളുടെ നഷ്ടപ്പെട്ടുപോയ ഭൂമി തിരിച്ചുകിട്ടുന്നതിന് സഹായകരമായ വിവിധ നിയമങ്ങളുണ്ടാക്കിയത്. നമ്മുടെ സംസ്ഥാനത്ത് അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ഏറ്റവുമൊടുവിൽ ഉണ്ടാക്കിയ നിയമപ്രകാരം ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമിയ്ക്ക് പകരം തത്തുല്യമായ ഭൂമി ആദിവാസികൾക്ക് കൊടുക്കണമെന്നാണ്. ഭൂരഹിതരായ ആദിവാസികൾക്ക് ചുരുങ്ങിയത് ഒരു ഏക്കർ കൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ ആദിവാസി സംഘടനകൾ സമരം ചെയ്തതിനുശേഷം ഈ ഗവൺമെന്റ് ആദിവാസികളുമായി ഉണ്ടാക്കിയ ഒത്തുത്തീർപ്പ് പ്രകാരം ഒരു ആദിവാസി കുടുംബത്തിന് 5 ഏക്കർ വീതം ഭൂമി കൊടുക്കാമെന്നാണ് പറഞ്ഞിരുന്നത്. അങ്ങനെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 5 ഏക്കർ വീതം ഭൂമി എത്ര പേർക്ക് കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സമരത്തിന്റെ ഫലമായിട്ടുണ്ടായ തീരുമാന പ്രകാരമല്ല. എല്ലാ ഭൂരഹിത ആദിവാസികൾക്കും 5 ഏക്കർ കൊടുക്കാമെന്ന് പറഞ്ഞിട്ടില്ല. ഒരു ഏക്കർ മുതൽ 5 ഏക്കർ വരെ ലഭ്യതയനുസരിച്ച് കൊടുക്കാമെന്നാണ് ഗവൺമെന്റ് വാഗ്ദാനം ചെയ്തത്. ആ വാഗ്ദാനത്തിൽ സർക്കാർ ഉറച്ചു നിൽക്കുകയും ചെയ്തു. എത്ര പേർക്ക് കൊടുത്തുവെന്ന് ചോദിച്ചല്ലോ; ഞാൻ പറയാം. ഇടുക്കിയിലെ കുണ്ടളയിൽ 72 കുടുംബങ്ങൾക്ക് 5 ഏക്കർ വച്ച് കൊടുക്കുകയുണ്ടായി.....

മി. സ്പീക്കർ: അത്രയും ഡീറ്റെയിൽഡായിട്ട് പറയണ്ട.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റിക്ക് ഗവൺമെന്റ് അനുവദിച്ചുകൊടുത്ത ഭൂമി തിരിച്ചുപിടിച്ച് ആദിവാസികൾക്ക് പങ്കുവച്ച് കൊടുക്കാനുള്ള നീക്കത്തിനെതിരെയും അതിരപ്പള്ളി ഗ്രാമപഞ്ചായത്തു മെമ്പർ ശ്രീമതി ഗ്രേസി ചന്ദ്രൻ ഉൾപ്പെടെയുള്ള ആദിവാസികളുടെ കുടുംബങ്ങൾക്ക് അവർ കയ്യേറിയ ഭൂമി പതിച്ചുനൽകാനും ഉത്തരവുകൾ നൽകുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ആനമലയിലെ ഭൂമി ഒരു കൂട്ടുകൃഷി സംഘത്തിന്റെ കൈവശമായിരുന്നു. ആദിവാസികളെ സംബന്ധിച്ചിടത്തോളം ഭൂമിയില്ലാതെ വന്നപ്പോൾ ആ ഭൂമി അവർ കയ്യേറി. തുടർന്നു സംഘർഷവും പ്രശ്നങ്ങളുമൊക്കെ ഉണ്ടായിക്കഴിഞ്ഞപ്പോൾ കേരള ഹൈക്കോടതിയിൽ ഇതുസംബന്ധിച്ച് കേസ് പോയി. ആ കേസിലാകട്ടെ ആദിവാസികൾക്ക് അനുകൂലമായിട്ടാണ് വിധിയുണ്ടായത്. പിന്നീട് സൊസൈറ്റിയംഗങ്ങൾ ആദിവാസികളെ ബലമായി അടിച്ചോടിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്. ലേറ്റസ്റ്റ് വിവരമറിയണമെങ്കിൽ പ്രത്യേക നോട്ടീസ് വേണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 7,263 ഹെക്ടർ ഭൂമി നമുക്ക് വിട്ടുതരാമെന്നാണ് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി നടത്തിയ ചർച്ചയിൽ തീരുമാനമായതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ രണ്ടു പ്രാവശ്യം പ്രഖ്യാപിച്ചത്. ആ ഭൂമിയാണ് ഇപ്പോൾ നഷ്ടപ്പെട്ടത്. സുപ്രീംകോടതി ഈ കാര്യം ഫെബ്രുവരി മാസം ഗവൺമെന്റിനെ അറിയിച്ചിരിക്കുന്നു എന്നുപറഞ്ഞു. 7,263 ഹെക്ടർ ഭൂമി കേരളത്തിന് വിട്ടു കിട്ടിയെങ്കിൽ മാത്രമേ ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ കഴിയുകയുള്ളുയെന്ന സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി അത് വാങ്ങാൻ നടപടി സ്വീകരിക്കുമോ? അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞപ്പോൾ ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്; പ്രധാനമന്ത്രിയുടെ വാക്ക് കേട്ട് വിശ്വസിക്കരുതെന്ന്. ഇപ്പോൾ അത് യാഥാർത്ഥ്യമായിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി ഈ ഭൂമി വിട്ടുകിട്ടാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഈ വിഷയം ഉദ്യോഗസ്ഥതലത്തിൽ ചർച്ച ചെയ്തപ്പോൾ കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്ക് നമ്മോട് പൂർണ്ണമായ അനുഭാവമായിരുന്നു. പക്ഷേ സുപ്രീംകോടതി വിധി വന്നപ്പോഴാണ് കേന്ദ്ര ഗവൺമെന്റ് ഇങ്ങനെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സുപ്രീംകോടതിക്കാവട്ടെ ആദ്യത്തെ ഉത്തരവിൽ കേരള ഗവൺമെന്റ് ചെയ്തിട്ടുള്ള compensatory afforestation-ന്റെ കാര്യം കൃത്യമായി അറിയില്ല. ഒരുപക്ഷേ കോടതിയിൽ ഇക്കാര്യം കൃത്യമായി പറയുകയാണെങ്കിൽ പണം കൊടുക്കാനുള്ള വ്യവസ്ഥ, സുപ്രീംകോടതി ഇളവ് ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. തന്നെയുമല്ല ഉദ്യോഗസ്ഥന്മാർ അനുകൂലമാണ്. എന്തുകൊണ്ടെന്നാൽ ഈ ഭൂമി അനുവദിച്ച അതേ ദിവസം ഛത്തീസ്ഗഢിലെയും ഭൂമി പ്രശ്നം കമ്മിറ്റി മുമ്പാകെ വന്നതാണ്. എന്നാൽ അവർക്ക് അനുവാദം കൊടുത്തില്ല. നമുക്കാണ് അനുവാദം തന്നത്. ആദിവാസിയ്ക്കു നൽകാനുള്ള ഭൂമിയായതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഭാഗത്തുനിന്ന് അനുകൂല നിലപാടാണുള്ളത്. സുപ്രീംകോടതിയിൽ ശ്രീ. കെ. കെ. വേണുഗോപാലിനെപ്പോലുള്ള വക്കീലന്മാരുടെ ഉപദേശം തേടിയിട്ടുണ്ട്. വിധിവരുന്നമുറയ്ക്ക് നടപടി കൈക്കൊള്ളും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാരാഘവൻ: സർ, വയനാട് ജില്ലയിൽ സുഗന്ധഗിരി പ്രോജക്ട് പതിച്ചു കൊടുക്കുന്നതുപോലെതന്നെ ചീങ്ങേരി പ്രോജക്ട് കൂടി പതിച്ചു കൊടുക്കാൻവേണ്ടി ഒരു തീരുമാനം എടുത്തിട്ടുണ്ട്. ഈ അടുത്തകാലത്ത് ഭൂമിയുടെ അളവ് നടന്നു. ഒരേക്കർ വച്ചാണ് കൊടുക്കാൻ പറയുന്നത്. പണ്ട് കൊടുത്തപ്പോൾ തന്നെ 5 ഏക്കർ ഭൂമിവച്ച് കൊടുക്കാനാണ് തീരുമാനമാക്കിയത്. ഇപ്പോൾ ആ തോട്ടങ്ങളെല്ലാം നല്ല തോട്ടങ്ങളായി മാറിയപ്പോൾ സംസ്ഥാന സർക്കാരിനും വകുപ്പിനുമെല്ലാം ഞങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ കണ്ണുകടിയും മലയാളത്തിൽ പറഞ്ഞാൽ അസൂയയും ബാധിച്ചതുകൊണ്ട് ഒരേക്കർ വച്ച് കൊടുക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഒരേക്കർ വച്ചല്ല 5 ഏക്കർവച്ച് ഭൂമി കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ചീങ്ങേരി അതിന്റെ അന്തിമ സ്റ്റേജിലെത്തിയിട്ടില്ല.

മി. സ്പീക്കർ : എന്നാലും ശ്രീമതി രാധാരാഘവന്റെ ആ പ്രശ്നം ഒന്ന് നോക്കു.

ഡോ. എം. എ. കുട്ടപ്പൻ: നോക്കാം.

ശ്രീ. എം. കുമാരൻ: സർ, ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കൊടുക്കുന്ന സമയത്ത് അവരെ പുനരധിവസിപ്പിക്കാൻവേണ്ടി ഭവന നിർമ്മാണ പദ്ധതികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭവനം നിർമ്മിക്കുന്നതിനുവേണ്ടി ഗവൺമെന്റ് വിവിധ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. എന്നാൽ നിർമ്മിക്കപ്പെട്ട ഭവനങ്ങൾ വാസയോഗ്യമല്ലെന്ന് ഗവൺമെന്റ് കണ്ടിട്ടുണ്ടോ? അങ്ങനെയെങ്കിൽ എന്ത് ഭാവി നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്?

ഡോ. എം. എ. കുട്ടപ്പൻ: സർ, സാധാരണ അവർക്ക് ഭൂമി കൊടുക്കുമ്പോൾ ആദ്യം കുടിൽ കെട്ടാൻവേണ്ടി 3,000 രൂപ കൊടുക്കും. തുടർന്നു പക്കാ കെട്ടിടം വയ്ക്കാൻവേണ്ടി 75,000 രൂപ ഗഡുക്കളായി നൽകും. പലപ്പോഴും കാണുന്നത് ആദിവാസികൾക്ക് സ്വയം വീടുകൾ വയ്ക്കാൻ ശേഷിയില്ല എന്നതാണ്, വനത്തിലുള്ള ആദിവാസികളുടെ കാര്യത്തിൽ നമ്മൾ ഏജൻസിയെ ഏല്പിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണം പറയുകയാണെങ്കിൽ ഇടുക്കിയിൽ കൊടുത്ത ഭൂമിയിൽ വീടുവയ്ക്കാൻ കളക്ടർ കോസ്റ്റ്ഫോർഡിനെ ഏല്പിച്ചിരുന്നു. കണ്ണൂരിൽ നിർമ്മിതിയെ ഏൽപ്പിച്ചു. ചില ആദിവാസിവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം സ്വയം വീട് പണിയാൻ തയ്യാറല്ല. അതുകൊണ്ട് ചില ഏജൻസികളെ വയ്ക്കേണ്ടിവന്നു. കണ്ണൂർ ജില്ലയിൽത്തന്നെ കളക്ടർ മുൻകൈയെടുത്താണ് നിർമ്മിതിയെ ഏല്പിച്ചത്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, എൻഡോസൾഫാൻ തളിക്കുന്നതു കൊണ്ടാണ് കൂടുതൽ അപകടം ഉണ്ടാകുന്നതായി കുടെക്കുടെ പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. .....(ബഹളം)..... ഈ ഗവൺമെന്റ് വന്നതിൽപ്പിന്നെ ഒരു തുള്ളി എൻഡോസൾഫാൻ തളിച്ചിട്ടില്ല, ഈ ഗവൺമെന്റ് എൻഡോസൾഫാൻ തളിക്കുന്നതു നിർത്തിവച്ചു. ആ പ്ലാന്റേഷനുകൾ ആദിവാസികൾക്കു പതിച്ചുനൽകാൻ നടപടി എടുക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, കാസർഗോഡ് ജില്ലയിലെ ചീമേനി എസ്റ്റേറ്റ്, കൊടുക്കാൻ ഒരു പ്രൊപ്പോസൽ ഉണ്ടായിരുന്നു. പക്ഷേ അവിടെ ചെങ്കല്ല് ഉള്ള പ്രദേശമാണ്. കൃഷി ചെയ്യാൻ ബുദ്ധിമുട്ടാണ്, കശുവണ്ടി മാത്രമേയുള്ളു. അതുകൊണ്ട് പ്രൊപ്പോസൽ ഉണ്ടായെങ്കിലും തീരുമാനം എടുക്കാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ആദിവാസികൾക്ക് കൊടുക്കുന്ന ഭൂമി പലപ്പോഴും അന്യാധീനപ്പെടാൻ ഇടയുണ്ട്. അന്യാധീനപ്പെട്ടിട്ടുമുണ്ട്. ആദിവാസികൾക്ക് കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള ഭൂമി പ്രത്യേകിച്ച് ആറളം പ്രദേശത്ത് (അവിടെ പെട്ടെന്ന് തന്നെ എഗ്രിമെന്റായി കഴിഞ്ഞു) ഭൂമി അന്യാധീനപ്പെടാൻ കഴിയാത്ത രീതിയിൽ കൂട്ടു പട്ടയം എന്നുള്ള നിലയിൽ കുടുംബനാഥന്റെയും കുടംബനാഥയുടേയും പേരിൽ പട്ടയം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, എന്റെ അറിവ് ശരിയാണെങ്കിൽ അങ്ങനെയാണ് ഇപ്പോൾ പട്ടയം കൊടുക്കുന്നത്. കുടുംബനാഥന്റെയും കുടുംബനാഥയുടേയും പേരിലാണ് പട്ടയം കൊടുക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, ആദിവാസികൾക്ക് ഒരു ഏക്കർ മുതൽ 5 ഏക്കർ വരെ ഭൂമി കൊടുക്കുന്നതിനുവേണ്ടി സർക്കാർ ആത്മാർത്ഥമായ തീരുമാനം എടുത്തത് സ്വാഗതാർഹമാണ്. പക്ഷേ വയനാട്ടിൽ ആദിവാസി ഭൂസമര ത്തിന്റെ പേരിൽ ഫോറസ്റ്റുകളിൽ നിരവധി ആദിവാസികളെ കൊണ്ടുവന്നു കുടിയിരുത്തിയിട്ടുണ്ട്. അവർ മഴക്കാലം ആരംഭിച്ചതോടുകൂടി വളരെ ബുദ്ധിമുട്ടും പ്രയാസവും അനുഭവിച്ചുകൊണ്ട് ജീവിക്കുകയാണ്. ആദിവാസികൾക്ക് കൊടുക്കേണ്ട ഭൂമി (സുഗന്ധഗിരി തുടങ്ങിയ പ്ലാന്റേഷനിലൊക്കെ) എത്രയും പെട്ടെന്ന് കൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, വയനാട്ടിൽ സി.പി.എം.-ന്റെ കാലത്ത് കുറെ ഭൂമി കയ്യേറിയിട്ടുണ്ട്; ആദിവാസികളാണ്, സമ്മതിക്കുന്നു. ആദിവാസി ആണെങ്കിൽപ്പോലും ഇങ്ങനെ ബലമായി വനഭൂമി കയ്യേറാൻ പാടില്ല. കേന്ദ്രം പറയുന്ന നിയമം അതാണ്. നമ്മളെല്ലാവരുംകൂടി കഴിയുന്നതും നേരത്തെ നിയമാനുസൃതം കൊടുക്കാൻ ശ്രമിക്കുകയാണ് നല്ലത്. ട്രൈബൽസായാലും നോൺ ട്രൈബൽസായാലും ഇങ്ങനെ വനഭൂമി കയ്യേറിയാൽ അവരെ നിർബന്ധമായി ഇറക്കി വിടണം. ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ എന്നിവർ ചേർന്ന് ഇവരെ ഇറക്കിവിടണം. അങ്ങനെ ചെയ്യാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി വേണമെന്നാണ് കേന്ദ്രം ആവശ്യപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് മുത്തങ്ങ പോലുള്ള സംഭവങ്ങൾ ആവർത്തിക്കാനുള്ള സാഹചര്യമുണ്ടാക്കുവാൻ നിർബന്ധിക്കരുത്. നിയമം പാലിക്കുവാൻ നമ്മളെല്ലാവരും ബാധ്യസ്ഥരാണ്. ഫ്രഷ് എൻക്രോച്ച്മെന്റ് അനുവദിക്കരുതെന്നാണ് കേന്ദ്രം ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ : കേരളത്തിലെ ആദിവാസികൾക്ക് കൊടുക്കുവാനുള്ള ഭൂമിക്കുവേണ്ടി നിക്ഷിപ്ത വനഭൂമിയുടെ പിന്നാലെ നമ്മൾ പോകേണ്ട യാതൊരു ആവശ്യവുമില്ല. ഭൂമി ഇവിടെത്തന്നെയുണ്ട്. 1971 ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് വന്നിട്ടു പോലും 17,68 കേസുകളിൽ 27,080 ഏക്കർ ഭൂമി ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനത്തിന്റെ ഭാഗമായി, കേസ് കോടതിയിൽ വാദിക്കാത്തതിന്റെ ഭാഗമായി, നമ്മൾ മുതലാളിമാർക്ക് വിട്ടുകൊടുത്തിട്ടുണ്ട്. 19553 ഭൂമി ഇല്ലാത്ത കുടുംബങ്ങളിൽ പതിനായിരം കുടുംബങ്ങൾക്ക് ഭൂമി കൊടുത്തു എന്ന് പറഞ്ഞു. ഇനി 9,553 കുടുംബങ്ങളെ ബാക്കിയുള്ളൂ. മതികെട്ടാൻ മലയിലും പാലക്കാട് കരുണ എസ്റ്റേറ്റിലും,

അനധികൃതമായി ഭൂസ്വാമിമാർ ഗവൺമെന്റിന്റെ തണലിൽ വിലസുകയാണ്. ഈ ഭൂമി പിടിച്ചെടുത്ത് പാവപ്പെട്ട ആദിവാസിക്ക് കൊടുക്കുന്നതിന് എന്താണ് തടസം? എന്തിനാണ് വെസ്റ്റഡ് ഭൂമിയുടെ പിന്നാലെ പോകുന്നത്? എന്തിനാണ് കേന്ദ്രത്തിന്റെ പിന്നാലെ പോകുന്നത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്ന അവസരത്തിൽ (1999-ൽ) വീട് വയ്ക്കുന്നതിനും തൊഴിൽ ലഭിക്കുന്നതിനും ഭൂമി കൊടുക്കുന്നതിനുമുള്ള ഒരു നിയമം ഇവിടെയുണ്ട്. 1975 ലെ ഒരു നിയമവും ഇവിടെയുണ്ട്. ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മന്ത്രി ആക്ട് ചെയ്യുന്നത് എന്നുള്ളത് സംബന്ധിച്ച് ഒന്ന് ലളിതമായി പറഞ്ഞാൽ എനിക്ക് ബോധ്യപ്പെടും. ഏത് നിയമമാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ അക്സപ്ട് ചെയ്യുന്നത്?

ഡോ. എം. എ. കുട്ടപ്പൻ: അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കി ആ ഭൂമി എടുത്തു കൊടുക്കണമെന്നാണ് അങ്ങ് പറയുന്നത്. അങ്ങയുടെ കക്ഷി സംസ്ഥാനം ഭരിച്ചിരുന്നു. അവരത് ചെയ്യാൻ മറന്നു പോയോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. എങ്കിലും, ഏത് നിയമപ്രകാരമാണ് ചെയ്തിരിക്കുന്നത് എന്ന്, എനിക്ക് മനസ്സിലാകുന്നില്ല. ഒന്ന് ഞാൻ പറയട്ടെ രണ്ടായിരത്തിഒന്നിലെ യു.ഡി.എഫിന്റെ പ്രകടന പത്രികയിലെ എസ്സ്.സി./എസ്.റ്റി. ക്ഷേമം സംബന്ധിച്ച ഖണ്ഡികയിൽ ഒന്നാമത്തെ വാഗ്ദാനം ഇവിടെയുള്ള എല്ലാ ഭൂരഹിത ആദിവാസികൾക്കും ഭൂമി കൊടുക്കും എന്നതായിരുന്നു. രണ്ടാമത് 2001 ഒക്ടോബർ മാസം പതിനാറാം തീയതി ആദിവാസി സമര സമിതിയുമായി ചർച്ച നടത്തി ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. എല്ലാ ഭൂരഹിത ആദിവാസികൾക്കും ഒരു ഏക്കർ മുതൽ അഞ്ച് ഏക്കർവരെ ഭൂമി കൊടുക്കുമെന്ന് തീരുമാനിച്ചു. അങ്ങനെ യു.ഡി.എഫിന്റെ വാഗ്ദാന പ്രകാരവും ഗവൺമെന്റിന്റെ തീരുമാനപ്രകാരവുമാണ് നിയമത്തിന്റെ പിൻബലമില്ലാതെതന്നെ എല്ലാ ഭൂരഹിത ആദിവാസികൾക്കും ഭൂമി കൊടുക്കുന്നത്.

പ്രൊഫ. എ. ഡി. മുസ്തഫ: ആദിവാസികൾക്ക് കൊടുത്ത ഭൂമി അന്യാധീനപ്പെട്ടിട്ടില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അന്യാധീനപ്പെട്ടില്ല എന്നു പറയുന്ന ഭൂമി തന്നെ മറ്റു പലരും ഉപയോഗപ്പെടുത്തുകയാണ്. ഞാൻ പറയുന്നത് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചാവശ്ശേരി പറമ്പ് ആദിവാസികൾക്ക് കൊടുത്തെങ്കിൽപ്പോലും അതിലുള്ള മരങ്ങൾ മുഴുവൻ മറ്റുള്ളവർ വെട്ടി കാശാക്കുകയാണ്. ഇന്നും മറ്റുള്ളവർ അത് ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. അവിടുത്തെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ മുതൽ ബഹുമാനപ്പെട്ട മന്ത്രി വരെ തീരുമാനിച്ചിട്ടുപോലും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അധീനപ്പെട്ട ഭൂമി തന്നെ ആദിവാസികൾ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: ചാവശ്ശേരിയിൽ കൊടുത്ത ഭൂമി ആദിവാസികളെ ഏൽപ്പിച്ചതാണ്. എന്തുകൊണ്ടെന്ന് അറിയില്ല, ഒരുപക്ഷേ ആദിവാസികളുടെ അറിവിന്റെ കുറവു കൊണ്ടായിരിക്കാം അവർ സമ്മതിച്ചുകൊണ്ടായിരിക്കണം വില പിടിപ്പുള്ള മരങ്ങൾ പോലും മാഫിയ മുറിച്ചു കൊണ്ടുപോകുന്നു. വിവരം അറിഞ്ഞപ്പോൾ ജില്ലാ ഭരണകൂടത്തിനും പോലീസിനും ഇതിനെതിരെ നടപടി യെടുക്കാൻ നിർദ്ദേശം നൽകി. ഇത് യാഥാർത്ഥ്യമാണെങ്കിൽപ്പോലും അവിടത്തെ ഭൂമി അന്യാധീനപ്പെട്ടതായി അറിയില്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഇടുക്കിയിലെ മറയൂരും മറ്റും അഞ്ച് ഏക്കർ ഭൂമി കൊടുത്തു എന്നു പറയുന്നുവെങ്കിൽപ്പോലും അവിടെ ആരും താമസിക്കുന്നില്ല. ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കണമെങ്കിൽ ആവശ്യമായിട്ടുള്ള സംരക്ഷണം കൊടുക്കണം. സൂര്യനെല്ലിയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ ആദിവാസികൾക്ക് സ്ഥിരമായി താമസിക്കുവാൻ കഴിയാത്ത സ്ഥിതിയാണ്. നൂറു കണക്കിന് ആനകളും മറ്റ് വന്യ മൃഗങ്ങളുമുള്ള മേഖലയാണ്. ഇപ്പോഴും ആദിവാസികൾ അവിടെ കൂട്ടമായി ആണ് താമസിക്കുന്നത്. ഇറങ്ങി നടക്കുവാൻ കഴിയുകയില്ല. അവിടെ ഫെസിലിറ്റീസൊന്നും എത്തിയിട്ടില്ല. റോഡോ വെള്ളമോ മറ്റ് സൗകര്യങ്ങളോ ഇല്ല. ആ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: അവിടെ കുടിവെള്ളം എത്തിക്കുവാനുള്ള ഒരു പ്രോജക്ട് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. വീടു വയ്ക്കാനുള്ള മുവായിരം രൂപയ്ക്കു പുറമെ എഴുപത്തിയയ്യായിരം രൂപ കൊടുത്തുകൊണ്ടിരിക്കുകയാണ്. ആനശല്യം ഒഴിവാക്കുവാൻ വേണ്ടി സോളാർ ഫെൻസിംഗിനുള്ള ഉത്തരവ് കൊടുത്തിട്ടുണ്ട്. കാട്ടാന ശല്യങ്ങൾക്കു പുറമേ നാട്ടുകാരുടെ ശല്യവുമുണ്ട്; പറയാതിരിക്കുവാൻ വയ്യ. ഞാൻ അവിടെ ചിന്ന കനാലിൽ 276 പേർക്ക് പട്ടയം കൊടുത്തു. അതിൽ 154 പേർക്കു മാത്രമേ ഭൂമി നല്കുവാൻ സാധിച്ചിട്ടുള്ളൂ. ബാക്കി മുഴുവൻ കയ്യേറ്റമാണ്. 22 കയ്യേറ്റ കേസിൽ കേരള ഹൈക്കോടതി അവർക്ക് അനുകൂലമായി സ്റ്റേ കൊടുത്തിരിക്കുകയാണ്. 39 വീട്ടുകാർ അവിടെ ബലമായി കയ്യേറിയിരിക്കുകയാണ്. പന്ത്രണ്ടെണ്ണം അവിടെ വ്യാജ പട്ടയമാണ്. ആന ശല്യം മാത്രമല്ല, നാട്ടുകാരുടെ ശല്യവും ആദിവാസി ഏരിയയിൽ ഉണ്ടെന്നുള്ള വസ്തുത ചൂണ്ടിക്കാണിച്ചു എന്നു മാത്രമേയുള്ളൂ.

ശ്രീ. എ. കെ. മണി: ഈ ഗവൺമെന്റിന്റെ കാലത്താണ് നിയമപരമായി ആദിവാസികൾക്ക് ഭൂമി കൊടുക്കുവാൻ വേണ്ടി നടപടി സ്വീകരിച്ചത്. ആദ്യം കൊടുത്തത് എന്റെ മണ്ഡലത്തിലാണ്. അഞ്ച് ഏക്കർവരെ സ്ഥലത്തിനു പട്ടയം കൊടുത്തു. അഞ്ച് ഏക്കർ, ഒന്നര ഏക്കർ, രണ്ട് ഏക്കർ സ്ഥലങ്ങളാണ് ആദിവാസികൾക്ക് ഉള്ളത്. അഞ്ച് വർഷങ്ങൾക്കുള്ളിൽ ഈ മുഴുവൻ ആൾക്കാർക്കും സ്ഥലം കൊടുക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഇടുക്കി ജില്ലയിലാണ് ഭൂമി വിതരണം ആദ്യം ആരംഭിച്ചത്. അവിടത്തെ മുഴുവൻ ഭൂരഹിത ആദിവാസികൾക്കും ഭൂമി കൊടുത്തു കഴിഞ്ഞു. കോട്ടയം ജില്ലയിലും പത്തനംതിട്ട ജില്ലയിലും ഭൂരഹിതർക്ക് ഭൂമി കൊടുത്തുകൊണ്ടിരിക്കുകയാണ്. അഞ്ച് സെന്റ് മുതൽ പത്ത് സെന്റ് വരെ ഉള്ള വർക്കുകൂടി ഭൂമി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇടുക്കി ജില്ലയിൽ മാത്രമല്ല, ആലപ്പുഴ ജില്ലയിലും ഭൂമി പ്രശ്നം പരിഹരിച്ചിരിക്കുന്നു. കൊല്ലം ജില്ലയിലും പരിഹരിച്ചിരിക്കുന്നു. മൂന്നു ജില്ലകളിൽ പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടു ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഒട്ടും ഭൂമി ഇല്ലാത്ത ആദിവാസികളുടെ പ്രശ്നം പരിഹരിക്കുവാൻ കഴിയുമെന്നുതന്നെ പ്രതീക്ഷിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പെരുമ്പാവൂർ എസ്റ്റേറ്റിന്റെ ഒരു ഭാഗം ആദിവാസികൾക്ക് കൊടുക്കുന്നതിനുവേണ്ടി നോക്കിവച്ച ഭൂമിയാണ്. ഈ ഭൂമിയിൽ ആദിവാസി കുടുംബങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താമസിപ്പിക്കുന്നതിനുവേണ്ടി വയനാട്ടിൽനിന്നും കുറെ കുടുംബങ്ങളെ കൊണ്ടുവരിക യുണ്ടായി. ഈ സ്ഥലത്ത് കൊണ്ടു വന്ന സമയത്ത് ഈ ഭൂമി താമസയോഗ്യമല്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആ കുടുംബങ്ങൾ തിരിച്ചു പോകുകയും അവർ വയനാട് കളക്ടറേറ്റിന്റെ മുമ്പിൽ പോയി കുത്തിയിരുപ്പ് സമരം നടത്തുകയും ചെയ്തു. ഈ കുടുംബങ്ങൾക്ക് ഭൂമി ലഭിക്കുമെന്ന് ഉറപ്പ് വരുത്തുവാനായി എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? പി.സി.കെ.യുടെ ഭാഗമായിട്ടുള്ള ഭൂമി, താമസയോഗ്യമല്ലാത്ത ഭൂമി , അത് ആദിവാസികൾക്ക് നല്കുന്നതിനു വേണ്ടി മാറ്റിവച്ചതാണ്. അതിന് മാറ്റം വരുത്തി പകരം വേറെ ഭൂമി കണ്ടെത്തി കൊടുക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുമോ?

ഡോ. എം. എ. കുട്ടപ്പൻ: കോഴിക്കോട് ജില്ലയിൽ പേരാമ്പ്രയിൽ 304 കുടുംബങ്ങൾക്കാണ് ഭൂമി കിട്ടിയിരിക്കുന്നത്. കുറച്ച് വയനാട് ജില്ലയിലുണ്ട്. കുറച്ച് കോഴിക്കോട് ജില്ലയിലുണ്ട്. അതിൽ കുറെ ആളുകൾ സൗകര്യമില്ല എന്നു പറഞ്ഞ് മടങ്ങി പോയിട്ടുണ്ട്. ആ കാര്യം പരിശോധിച്ച് നമുക്ക് വേണ്ടത് ചെയ്യാം.

## പമ്പാ മലിനീകരണ നിവാരണത്തിന് റിവർ ബോർഡ് രൂപീകരിക്കാൻ നടപടി

*2 [32] ശ്രീ. കെ. സി. വേണുഗോപാൽ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ മലിനീകരണ നിവാരണ പദ്ധതി നടപ്പാക്കുന്നതിന് ഒരു റിവർ ബോർഡ് രൂപീകരിക്കാനുദ്ദേശമുണ്ടോ;

(ബി) അതിന്റെ കർത്തവ്യങ്ങളെന്തൊക്കെയാണ്;

(സി) പണി തീർന്നു കഴിഞ്ഞ് അതിന്റെ മെയിന്റനൻസ്, മാലിന്യ ദൂരീകരണം മുതലായ കാര്യങ്ങൾ ആര് നടത്തണമെന്നാണ് ഇപ്പോഴത്തെ തീരുമാനം എന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) തൽക്കാലം ഉദ്ദേശമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പമ്പാ മലിനീകരണ നിവാരണ പദ്ധതിയുടെ ആദ്യ ഘട്ടത്തിലെ 12 പ്രവർത്തികളുടെ 18.45 കോടി രൂപ ചെലവു വരുന്ന പണികൾക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ പണികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ അതിന്റെ തുടർന്നുള്ള നടത്തിപ്പും അറ്റകുറ്റപണികളും തിരുവിതാംകൂർ ദേവസ്വം ബോർഡ് കേരള ഗവൺമെന്റിനു വേണ്ടി നിർവഹിക്കണമെന്നാണ് ഇപ്പോഴത്തെ തീരുമാനം.

## അനുബന്ധം I

[29-6-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *1 (31) ദയവായി കാണുക]

## LAND DISTRIBUTED TO TRIBAL FAMILIES—DISTRICT WISE

| District | Location | Area per family | No. of families | Total area (Acre) | Type of land | Balance available (Acre) |
|---|---|---|---|---|---|---|
| Wayanad | Kunnathidavaka | 1.00 | 40 | 40 | Revenue | .. |
| | Sugandhagiri | RR to 3 persons | 3 | 15 | Project land | 1909 |
| | Pookot | RR 5.00 | 34 | 170 | Project land | 230 |
| | Karapuzha | RR 0.75 | 84 | 63 | Project land given in possession to displaced families—document not given | .. |
| | Sub total | .. | 161 | 288 | .. | .. |
| Kannur | Pazhassi | 1.10 | 132 | 145.20 | Irrigation P | .. |
| | Koodali, Kolayad, Cheruvancherry | 1.00 | 17 | 17.00 | Surplus land | .. |
| | Kandamkunnu-Neerveli | .. | 6 | 5.80 | Surplus land | .. |
| | Thrippangottur | 1.00 | 10 | 10.00 | Surplus land | .. |
| | Sub total | .. | 165 | 178.00 | .. | .. |
| Kozhikkode | Muthukad | 1.00 | 41 | 41.00 | Escheat land | .. |
| | Vattachira Farm | 5.00 | 45 | 225.00 | Tribal Project | .. |
| | | 1.00 | 30 | 30.00 | | .. |
| | Perambra | 1.00 | 304 | 304.00 | PKC land | 159 |
| | Sub total | .. | 420 | 600.00 | .. | .. |

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I—(തുടർച്ച)

| District | Location | Area per family | No. of families | Total area (Acre) | Type of land | Balance available (Acre) |
|---|---|---|---|---|---|---|
| Ernakulam | Kuttampuzha | Record of rights | 168 | 400.00 | Tribal settlement | . . |
| | Sub total | . . | 168 | 400.00 | . . | . . |
| Idukki | Marayoor | 1.50 | 242 | 363.00 | Revenue | . . |
| | Kundala | 5.00 | 72 | 360.00 | Revenue | . . |
| | Pooppara | 1.00 | 47 | 47.00 | Revenue | . . |
| | Alakkode | 1.00 | 3 | 3.00 | Revenue | . . |
| | Chinnakkanal | 2.50 | 68 | 170.00 | Revenue | . . |
| | | 1.00 | 640 | 640.00 | . . | . . |
| | Sub total | . . | 1072 | 1583.00 | . . | . . |
| Alappuzha* | Cherthala | 25 cent | 33 | 7.62 | Surplus land | . . |
| | Kallada IP | | 79 | 20.08 | Irrigation P | . . |
| | Sub total | . . | 112 | 27.70 | . . | . . |
| Kottayam | Madukka | 1.00 | 19 | 19.00 | Revenue | . . |
| | Sub total | . . | 19 | 19.00 | . . | . . |
| Kollam | Kuriyottumala | . . | 128 | 100.00 | AH Dept. | . . |
| | Kottarakkara | | | 14.68 | Surplus land | . . |
| | Sub total | . . . | 128 | 114.68 | . . | . . |
| | Total | . . | 2245 | 3210.38 | . . | . . |

*Alappuzha—Pattayam of one family cancelled.

LIBRARY ARCHIVES Kerala Legislative Assembly